**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6586** **21-03-2023 - ൽ മറുപടിയ്ക്ക്**

**പൈതൃക കെട്ടിടങ്ങൾ പുതുക്കി സംരക്ഷിച്ചുകൊണ്ടുള്ള നിർമ്മാണ രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൈതൃക കെട്ടിടങ്ങളും തെരുവുകളും മറ്റും പൗരാണികത നില നിർത്തി കാലാനുസൃതമായി പുതുക്കുന്ന വിധത്തിലുള്ള നിർമ്മാണ രീതി വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | (എ) | **കേരളത്തിൽ നിലവിൽ അവശേഷിക്കുന്ന പൈതൃക നിർമ്മിതികളും തെരുവുകളും മറ്റും നിലനിർത്തേണ്ടതും കാലാനുവർത്തിയായി സംരക്ഷിക്കേണ്ടതും ആവശ്യമാണ്. ഇത്തരം നിർമ്മിതികൾ ടൂറിസ്റ്റ് സാധ്യതകൾ കൂടി മുന്നിൽ കണ്ട് ശാസ്ത്രീയമായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തുവാനും ആർക്കിടെക്ചർ കൺസർവേഷൻ സങ്കേതങ്ങൾ ഉപയോഗിച്ച് പൊതുജനങ്ങൾക്കു കൂടി ഉപയോഗ പ്രദമായ രീതിയിൽ സംരക്ഷിക്കുവാനും ഉദ്ദേശിക്കുന്നു. ടൂറിസം വകുപ്പിന് കീഴിൽ ഇതിന് പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ